PRESIDENT: I might say that Government have been considering the matter and have come to a provisional conclusion that it would be advantageous that special attention should be paid to Irrigation some. what on the lines suggested. The Chief Engineer has made recommendations and the Government are likely to consider it favourably. The member will therefore wait until the Budget is presented.

The resolution was, by leave, withdrawn.

Local representation in Public Service.

MR. K. P. KOCHUKORA THARAKAN: Sir, I move the following resolution: —

"This Assembly recommends to Government that local representation without prejudice to Communal representation be also recognised as a standard for appointments to the public service, and that the Public Service Commissioner be ordered to offer advice in the matter accordingly."

സർ, തിരുവിതാംകൂർ പബ്ളിക്ക് സർവ്വീസ്സിലെ ഉദ്യോഗനിയമനം സംബന്ധിച്ച്, ഈ നാട്ടിലെ അരപത്തുലക്ഷം ജനങ്ങളും ഒരു പാലെ പരാതി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് സാധാരണയായിട്ടാണ് തീർന്നിരിക്കുന്നത്. ഏതാനും ചില സമുദായങ്ങൾ ഉദ്യോഗങ്ങൾ കൈവശപ്പെടുത്തുന്നു എന്നുള്ള പരാതി അനേകകാലം രാഷ്ട്രീയമണ്ഡലങ്ങളിലും നിയമസഭാമന്ദിരത്തിലും പ്രസംഗപീഠങ്ങളിലും മാറൊലിക്കൊണ്ടിരുന്നതിന്റെ ഫലമായിട്ട് ഗവണ്മെൻറ് സമുദായപ്രാതിനിദ്ധ്യം അംഗീകരിക്കുകയും ഒരു പബ്ളിക്ക് സർവ്വീസ് കമ്മീഷണരെ നിയമിച്ച് നിയമനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. എന്നാൽ സമുദായപ്രാതിനിദ്ധ്യം പോലെയോ അതിൽ കൂടുതലായോ പ്രാധാന്യം പ്രാദേശികപ്രാതിനിദ്ധ്യത്തിനാണെന്നും, ഒരു സമുദായം മറൊരുസമുദായത്തെ ഭരിക്കുന്നത് സങ്കടമാണെന്നും സമുദായപ്രാതിനിദ്ധ്യവാദികൾ ശക്തിയായി വാദിക്കുന്നു. എന്നാൽ ഒരു പ്രദേശത്തുള്ളവർ തന്നെ മറു പ്രദേശങ്ങളെ ഭരിക്കുന്നതു സങ്കടകരമാണെന്നു പ്രാദേശികപ്രാതിനിധ്യമില്ലാതുള്ള ദേശത്തുള്ളവർ സങ്കടപ്പെടുന്നു. ഒരു പ്രദേശത്തുള്ളവരുടെ ആവശ്യത്തിനുള്ള തോട്ട, പാലം, ആശുപത്രി പള്ളിക്കൂടം എന്നുവേണ്ടാ, പൊതുജനാവശ്യത്തിനുള്ള സകല സ്ഥാപനങ്ങളും അധികാരമുള്ള ഉദ്യോഗസ്ഥന്മാർ വഴിയാണ് സാധിച്ചുവരുന്നത്. ഏതൊരു അധികാരമുള്ള ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ സ്വദേശത്തു് ആവശ്യമുള്ള കാര്യങ്ങളും സ്ഥാപനങ്ങളും സാധിച്ചു കൊടുക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ഞാൻ കുറപ്പെടുത്തുന്നില്ല. എന്നാൽ പൊതുജനങ്ങൾക്ക് അത്യാവശ്യത്തിനുള്ള പല കാര്യങ്ങളും ഏതാനും ചില താലൂക്കുകളിൽ മാത്രമാ

LIBRARY ARCHIVES Kerala Legislative Assembly

കുന്നത് സാധാരണ ഒരു പതിവായി കാണുന്നതിനെയാണ ഞാൻ കുറ പ്പെടുത്തുന്നത്. കുന്നത്തുനാട് താലൂക്കിൽ തന്നെ ഒരു അധികാരമുള്ള ഉദ്യോഗസ്ഥൻ മുൻപു ഉണ്ടായിരുന്നതിന്റെ ഫലമായിട്ട പല സ്ഥാപന ങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതി ഈ സന്ദർഭത്തിൽ ഞാൻ വിസ്മരി ക്കുന്നില്ല.

സമുദായപ്രാതിനിദ്ധ്യവാദത്തെ സംബന്ധിച്ച് ഒരു അഭിപ്രായം ഇവിടെ കൊണ്ടുവരുമ്പോൾ അമിതമായ പ്രാതിനിദ്ധ്യമുള്ള സമുദായ ത്തിലുള്ളവർ അതിനെഎതിർക്കുകമാത്രമല്ല, പ്രമേയംഅവതരിപ്പിച്ചവരെ കഴിയുമെങ്കിൽ അത് മേലിൽ ഹാജരാക്കാതിരിക്കത്തക്കവണ്ണം ആക്ഷേപി ക്കുക ക്രൂടെ ചെയ്തിരുന്നു. അതുപോലെ അമിതമായ പ്രാതിനിദ്ധ്യമുള്ള പ്രദേശത്തുള്ളവർക്കു എന്റെ അഭിപ്രായത്തോട് അനുകൂലിക്കുവാൻ അല്പം പ്രയാസമുണ്ടെന്നും അവരിൽ ചിലർ എന്നെ ശകതിയായി എതി ക്കുമെന്നും അനുഭവംകൊണ്ട് അറിഞ്ഞുതന്നെയാണ ഞാൻ ഈ റസല്യൂ ഷ്യൻ ഇവിടെ അവതരിപ്പിക്കുന്നത്. എങ്കിലും സമുദായനീതി നടത്തു ന്നതിനു സമുദായപ്രാതിനിദ്ധ്യം അനുവദിക്കേണ്ടതാണെന്ന നിയമസഭാ ചരിത്രത്തിൽ ആദ്യമായി ഭൂരിപക്ഷം വോട്ടചെയ്ത് സമുദായപ്രാതി നിദ്ധ്യം പാസാക്കിയ ഇപ്പോഴത്തെ അസംബ ളി സാമാജികന്മാരുടെ ഭൂരി പക്ഷം പ്രാദേശികനീതിക്കുവേണ്ടി പ്രാദേശികപ്രാതിനിദ്ധ്യപ്രശ്നവും എനിക്കു അനുകൂലമായി വോട്ടചെയ്തു പാസാക്കിത്തരുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. M. R. NARAYANA PILLAI : പ്രാദേശിക പ്രാതിനിദ്ധ്യം അനു സരിച്ചല്ലേ നിയമസഭയിൽ തെരഞ്ഞെടുപ്പ് നടത്തുന്നത്?

MR. K. P. KOCHUKORA THARAKAN : അതു തന്നെയാണ് ഞാൻ പറയാൻ ഭാവിക്കുന്നതും. തിരുവിതാംകൂറിലെ നിയമസഭകളിലേക്കു വിവിധതാലൂക്കുകളിൽനിന്നും പ്രതിനിധികളെ തെരഞ്ഞെടുക്കാതെ, മൂന്നോ നാലോ താലൂക്കുകളിൽ നിന്നോ ഏതാനുംചില താലൂക്കുകളിൽനി ന്നോജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നപതിവു കാണുന്നില്ല. നമ്മിൽ പലരേയുംകാൾ പരീക്ഷായോഗ്യതയും സാമർത്ഥ്യവുമുള്ളവരെ ഒന്നോ രണ്ടോ താലൂക്കുകളിൽനിന്നും തെരഞ്ഞെടുപ്പിക്കാം. എന്നാൽ അപ്ര കാരം ചെയ്യാതെ പ്രാദേശികപ്രാതിനിദ്ധ്യതത്വം അനുസരിച്ച് എല്ലാ താലൂക്കുകളിൽനിന്നുമാണ ഈ അസംബ്ളിയിലേയ്ക്കും സ്റ്റേയിറ്റ് കൗൺ

LIBRARY ARCHIVES Kerala Legislative Assembly

സിലിലേയ്ക്കും സാമാജികന്മാരെ തിരഞ്ഞെടുപ്പിക്കുന്നതു്. അതുകൊണ്ടു് എല്ലാ താലൂക്കുകാരേയും ഗവണ്മെൻറു ഒരുപോലെയാണു് വീക്ഷിക്കുന്നതെന്നു് മനസ്സിലാക്കാൻ കഴിയും. അതിനാൽ ഗവണ്മെൻറിനെ ഈ കാര്യത്തിൽ കുറപ്പെടുത്തുന്നില്ല. എന്നാൽ ഉദ്യോഗനിയമനത്തിൽ അപ്രകാരം പ്രവർത്തിക്കാൻ മുമ്പതലപ്പെട്ടവർ വേണ്ടതുപോലെ പ്രവർത്തിക്കുന്നില്ല എന്നുവേണം പറയാൻ. അങ്ങിനെ പ്രവൃത്തിക്കാതിരിക്കുന്നതുകൊണ്ടാണു പ്രാദേശികപ്രാതിനിധ്യംകൂടെ ഗണിച്ചു നിയമനങ്ങൾ നടത്തുന്നതിനു ഗവണ്മെൻറു് വേണ്ടതുപ്രവൃത്തിക്കണമെന്നു പറയുവാൻ ഇടയായതു്. പ്രാദേശികപ്രാതിനിധ്യം ആവശ്യപ്പെടുന്നതു് സമുദായപ്രാതിനിധ്യത്തിനു് എതിരല്ലേ എന്നൊരു ചോദ്യം ഇവിടെ ഉണ്ടായി. അതു ഒരിക്കലുമില്ല. സമുദായപ്രാതിനിധ്യത്തിനു ഹാനികരമല്ലാതെയുള്ള പ്രാദേശികപ്രാതിനിധ്യം മാത്രമാണു ഞാൻ ഉദ്ദേശിക്കുന്നതു്.

MR. T. C. KESAVA PILLAI : ഓരോ സ്ഥലത്തുനിന്നും വരുന്ന മെമ്പറന്മാർക്കു ഓരോരുത്തർക്കും ഓരോ ഉദ്യോഗങ്ങൾ കൊടുത്താൽ മതിയാകുമോ?

MR. K. P. KOCHUKORA THARAKAN : അതുകൊണ്ടു് യാതൊരു വിശേഷവുമില്ല. മെമ്പർക്കു വേണമെങ്കിൽ അതു ആവശ്യപ്പെട്ടു വാങ്ങിക്കൊള്ളണം.

MR. M. SIVATHANU PILLAI : തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മെമ്പറന്മാരിൽ പലരേയും ഉദ്യോഗത്തിൽ നിയമിച്ചിട്ടുള്ളതായി മെമ്പർക്കറിയാമോ?

MR. K. P. KOCHUKORA THARAKAN : അപ്രകാരം യോഗ്യതയുള്ളവരെ ഗവണ്മെൻറു തെരഞ്ഞെടുത്തു് ഉദ്യോഗം കൊടുക്കുന്നതിൽ എനിക്കു് പരാതിയില്ലെന്നു മാത്രമല്ല ഓരോ ഉദ്യോഗത്തിനും യോഗ്യതയുള്ളവരെയാണു നിയമിക്കേണ്ടതു് എന്നും അതു ജനപ്രതിനിധിയായാലും യാതൊരുദോഷവും വരാനില്ലെന്നുംകൂടി എനിക്കഭിപ്രായമുണ്ടു്.

MR. VARKALA K. MADHAVAN : ഏതു പ്രദേശത്താണു് ഉദ്യോഗസ്ഥന്മാരില്ലെന്നു് മെമ്പർ പറഞ്ഞതു്?

MR. K. P. KOCHUKORA THARAKAN : സൂക്ഷ്മമായി പറയണമെങ്കിൽ അതിനു് സ്റ്റാറിസ്റ്റിക്സ് എടുക്കണം. അതു ഗവണ്മെൻറു വിചാരിച്ചാലേ സാധിക്കയുള്ളു.

MR. M SIVATHANU PILLAI : സ്റ്റാറിസ്റ്റിക്സ് എടുക്കാതെ തന്നെ തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകളിൽനിന്നു് ഉദ്യോഗസ്ഥന്മാരില്ലെന്നു് മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA THARAKAN : ഇല്ലായിരിക്കാം. അപ്രകാരം ഉദ്യോഗസ്ഥന്മാരില്ലാത്ത മറ്റു താലൂക്കുകളും ധാരാളമുണ്ട്.

MR. M. R. NARAYANA PILLAI : പ്രാദേശികപ്രാതിനിധ്യം എന്നാൽ ഡിവിഷൻ അനുസരിച്ചോ, താലൂക്കനുസരിച്ചോ അതോ കര അനുസരിച്ചോ ഏതു പ്രകാരം വേണമെന്നാണ് മെമ്പർ അഭിപ്രായപ്പെട്ടതു്?

MR. K. P. KOCHUKORA THARAKAN : ഇതൊന്നും അനുസരിച്ച് വേണമെന്ന് ഞാൻ പറയുന്നില്ല. എന്നാൽ താലൂക്കുകളെ ഓരോ യൂണിറ്റായി എടുക്കുന്നതു നന്നായിരിക്കും. തിരുവനന്തപുരം താലൂക്കിൽനിന്നും, മി. ശിവതാണുപിള്ള പ്രതിനിധീകരിക്കുന്ന തോവാള താലൂക്കിൽനിന്നും, രണ്ടു അപേക്ഷകന്മാർ ഒരു ഉദ്യോഗത്തിനു വന്നാൽ, പബ്ളിക്ക് സർവീസ് സ്റ്റാറ്റിസ്റ്റിക്സ് നോക്കി പ്രാതിനിധ്യം കുറഞ്ഞ പ്രദേശത്തുള്ളവനു് ഉദ്യോഗം കൊടുക്കണമെന്നു് മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

MR. VARKALA K. MADHAVAN : ചില കുടുംബക്കാക്കു് കൂടുതൽ ഉദ്യോഗമുള്ളതായി മെമ്പക്കറിയാമോ?

MR. K. P. KOCHUKORA THARAKAN : അറിയാം. ഇപ്രകാരം, ഒരു കുടുംബത്തിലുള്ളവക്കോ ഒരു പ്രദേശത്തുള്ളവക്കോ മാത്രം നിയമനം കൊടുക്കാതെ പ്രാതിനിധ്യം കുറഞ്ഞ പ്രദേശങ്ങളിലുള്ളവക്കു പബ്ളിക്ക് സർവീസ്സിൽ പ്രവേശനം നൽകുന്നതായാൽ പത്തു ഇരുപതു കൊല്ലങ്കൊണ്ടു എല്ലാ പ്രദേശത്തുള്ളവർക്കും ഉദ്യോഗം ലഭിക്കുമെന്നും അപ്രകാരം നിവൃത്തിയുണ്ടാക്കണമെന്നുമാണ് ഞാൻ പറയുന്നതു്.

MR. VARKALA K. MADHAVAN : ഇപ്രകാരം കൂടുതൽ ഉദ്യോഗങ്ങളും ഉള്ള കുടുംബക്കാർ ചില പ്രത്യേക പ്രദേശത്തുള്ളവരാണെന്നു് മെമ്പക്കറിയാമോ?

MR. K. P. KOCHUKORA THARAKAN : പൊതുനന്മക്കുവേണ്ടി പ്രവർത്തിക്കുന്നവരായി തിരുവിതാംകൂറിലല്ല ഇന്ത്യയിൽതന്നെ അധികമാളുകളും ഉണ്ടെന്നു വിശ്വസിക്കുന്നവനല്ല ഞാൻ. അതാണ് എല്ലാ സമുദായങ്ങൾക്കും എല്ലാപ്രദേശത്തുള്ളവർക്കും ഉദ്യോഗം ഒരുപോലെ കൊടുക്കണമെന്നു ഞാൻ പറയുന്നതു്. മെമ്പർ പറഞ്ഞതുപോലെ ഇപ്പോൾ ഉദ്യോഗങ്ങളും ഒരു കുടുംബമോ ഒരു പ്രദേശമോ ഒരു സമുദായമോ കൈവശംവച്ചു കൊണ്ടിരിക്കയാണ്.

MR. T. C. KESAVA PILLAI : മി. യൂർ സായിപ്പ് അങ്ങിനെയുള്ള ഒരാളാണോ?

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : Order, Order.

Mr. K. P. KOCHUKORA THARAKAN : മി. യൂർ സായിപ്പിനെ സംബന്ധിച്ച് ഞാനൊന്നും പറഞ്ഞില്ല. ഇപ്പോൾ പബ്ളിക്കുസർവീസ്സ് കമ്മീഷണരെ നിയമിച്ചിരിക്കുന്നത് പ്രാദേശികപ്രാതിനിദ്ധ്യക്കുറവു പരിഹരിപ്പാനല്ല; സമുദായപ്രാതിനിദ്ധ്യം അനുസരിച്ച നിയമനം നടത്താനാണ്. പ്രാതിനിദ്ധ്യം കുറഞ്ഞ പ്രദേശങ്ങളിലുള്ളവർക്കു പബ്ളിക്കുസർവീസിൽ പ്രവേശനം കൊടുത്താൽ പരാതി കുറയും. എല്ലാ പ്രദേശങ്ങളിലുള്ളവർക്കും ഉദ്യോഗങ്ങൾ കിട്ടണം. സമുദായങ്ങളും സമുദായങ്ങളും തമ്മിലും പ്രദേശങ്ങളും പ്രദേശങ്ങളും തമ്മിലും ഉദ്യോഗവിഷയത്തിലുള്ള അസമത്വം എത്രയും വേഗത്തിൽ മാറിത്തരണമെന്നാണു ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നത്.

PRESIDENT : Is there any real grievance in that respect? Are most people who hold high offices come from one particular locality or other?

Mr. K. P. KOCHUKORA THARAKAN : തിരുവല്ലാ താലൂക്കിലെയും നെയ്യാറ്റിൻകര താലൂക്കിലെയും ഉദ്യോഗസ്ഥന്മാരുടെ ഒരു പട്ടിക എടുത്താൽ ഗവണ്മെൻറിൻെറ ആകെയുള്ള നിയമങ്ങളിൽ മൂന്നിലൊരു ഭാഗമെങ്കിലും ആ താലൂക്കുകളിലുള്ളവർക്കാണെന്നു കാണാം.

Mr. M. R. NARAYANA PILLAI : Tiruvella Taluk contains the largest number of educated people.

Mr. K. P. KOCHUKORA THARAKAN . അങ്ങിനെയാണെങ്കിൽ വിദ്യാഭ്യാസം ഉള്ളവരുടെ ശതമാനം നോക്കിയാണു നിയമനം നടക്കുന്നതെന്നു പറഞ്ഞാൽ എനിക്ക് വിരോധമില്ല. ഇപ്പോൾ നടക്കുന്നതു ഒരു സമുദായത്തിലുള്ളവർക്കോ ഒരു പ്രദേശത്തുള്ളവർക്കോ ആണെന്നാണു ഞാൻ പറയുന്നതു.

MR. KOTTALIL P. ABRAHAM : മൂവാറ്റുപുഴ, തൊടുപുഴ, മീനച്ചൽ എന്നീ താലൂക്കുകളെപ്പറ്റി മെംബർക്കുള്ള അഭിപ്രായമെന്താണ് ?

Mr. K. P. KOCHUKORA THARAKAN : വടക്കൻ താലൂക്കുകളിൽ പറവൂർ താലൂക്കിൽ ഒരു ഹൈസ്കൂൾ വളരെ നേരത്തേ സ്ഥാപിച്ചതിൻെറ ഫലമായി അവിടെയുള്ള ഏതാനും ചിലർക്കു ഉദ്യോഗം കിട്ടി. മൂവാറ്റുപുഴ, തൊടുപുഴ, കുന്നത്തുനാട്ട്, വൈയ്ക്കം ഈ താലൂക്കുകളിലെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ കൈവിരൽകൊണ്ടു എണ്ണാൻ കഴിയുകയില്ല. അവർ വളരെ അസമത്വമാണു അനുഭവിക്കുന്നത്.

Mr. M. R. NARAYANA PILLAI : തിരുവല്ലാ താലൂക്കിലെ ജനസംഖ്യ എത്രയാണെന്ന് മെംബർക്കറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA THARAKAN : മൂന്നു ലക്ഷത്തിനുമോലാണെന്നു എനിക്കും അറിവുള്ളതാണ്. എന്നാൽ അതിൽ നിന്നും സപ്ലൈ മാത്രം ജനസംഖ്യ കൂടുതലുള്ള കന്നത്തുനാടു താലൂക്കിന്റെ ഫ ള ം ഇരട്ടി ഉദ്യോഗങ്ങളും തിരുവല്ലാക്കാർക്കു ലഭിക്കാൻ കാരണമെന്താണെന്നറിഞ്ഞാൽ കൊള്ളാം. കഴിഞ്ഞ ബഡ്ജറുകാലത്തു പോലീസ് ഇൻസ്പെക്ടറന്മാരുടെ ഉദ്യോഗത്തിനു അപേക്ഷകരെ ക്ഷണിച്ചപ്പോൾ, മൂന്നിലൊരുഭാഗം അപേക്ഷകരും തിരുവനന്തപുരത്തു നിന്നും, ആറിലൊരുഭാഗം തിരുവല്ലായിൽ നിന്നുമായിരുന്നു. സാധാരണ നിയമനങ്ങളും ഈ തോതിലാണു കണ്ടുവരുന്നതു്. അസമതാപ്രദേശങ്ങളിലുള്ളവർക്കു ഉദ്യോഗം ലഭിക്കുന്നതിനു് ആവശ്യമായ ഉപദേശങ്ങളോ സഹായങ്ങളോ ചെയ്യുന്നതിനു ആളില്ലെന്നുമാത്രമല്ല സ്വാധീനമുള്ള ഉദ്യോഗസ്ഥന്മാരുടെ സ്വാധീനമുപയോഗിക്കുന്നതിനു ഉദ്യോഗസ്ഥന്മാരുമില്ല. ഇതും കൂടാതെ അസമതാപ്രദേശങ്ങളിലുള്ളവർക്കു് യാതൊരു തരത്തിലും ഗവണ്മെൻറിനെ സമീപിച്ചു് അവരുടെ സങ്കടം പരിഹരിക്കുന്നതിനും വേണ്ടിടത്തോളം സൗകര്യമില്ലാതാണിരിക്കുന്നതു്. എല്ലാ പ്രദേശങ്ങളിലുള്ളവർക്കും ഉദ്യോഗങ്ങൾ കിട്ടാൻ വേണ്ട വ്യവസ്ഥ ഗവണ്മെൻറു ചെയ്യണം. അതുതന്നെയും അസമതാപ്രദേശങ്ങളിലുള്ളവർക്കു യോഗ്യത സമമായിരിക്കുമ്പോൾ മുൻഗണന നൽകുകയും വേണം.

PRESIDENT : You know, for instance, that after all, Aberdeen and Glasgow are not very notable places in the United kingdom. But it will be found rather curiously that about 70 to 80 of the people holding the highest offices in Banks and business houses are from Aberdeen or Glasgow. Then it will also be found that a majority of the owners of jute mills in Calcutta belong to a particular sub-district in Aberdeen or Glasgow. I find that for about a hundred years there was only a particular district in the Madras Presidency which contributed to the Dewanship of Travancore.

MR. M. SIVATHANU PILLAY: Which district, Sir.

PRESIDENT : Tanjore district.

MR. M. SIVATHANU PILLAI : When they leave, they recommend their men to succeed them.

PRESIDENT : That is a very mischievous practice, I may say.

MR. K. P KOCHUKORA THARAKAN: ഈ പറയുന്ന കാരണമൊന്നുമില്ല. തിരുവിതാംകൂറിലെ ദിവാൻജി ഉദ്യോഗത്തിനു ഞങ്ങൾ പരാതിപ്പെടുന്നില്ല. അറിയപ്പെടാത്ത കാരണങ്ങളാൽ അപ്രകാരം സംഭവിച്ചു എന്നാണു ജനങ്ങൾ വിശ്വസിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : I am not dissuading or discouraging Mr. Kochukora Tharakan. I am saying that similar complaints have been received. I have heard my friends-Englishmen and Irish men-vitally complaining against the monetary scottish people who hold the highest positions in Banking and business houses. My friend, Mr. Ure will bear me out when I say so. As a matter of fact some people are getting more enterprising jobs and others do not.

MR. K. P. KOCHUKORA THARAKAN : സാമത്ഥ്യം അനുസരിച്ച് ന്യൂ ശതമാനം നിയമനം കൊടുക്കണമെന്ന ഒരു വ്യവസ്ഥയുണ്ട്. സമുദായ പ്രാതിനിധ്യത്തിന ഒരുശതമാനവും ഒരു മാർക്കുകൊടുക്കുന്ന പതിവും ഉണ്ട്. പ്രാദേശികപ്രാതിനിധ്യമില്ലാതുള്ള പ്രദേശത്തുള്ളവർക്കും അസമത്വ സമുദായത്തിലുള്ളവർക്കു മാർക്കുകൊടുക്കുന്നതുപോലെ ഏതാനും മാർക്കു കൊടുത്താൽ മതിയായേക്കും. സമുദായപ്രാതിനിധ്യമനുസരിച്ച് പബ്ലിക് സർവ്വീസിൽ നിയമനങ്ങൾനടത്തുന്ന അവസരത്തിൽ പ്രാദേശികപ്രാതിനിധ്യം കുറഞ്ഞ പ്രദേശങ്ങളിലുള്ളവർക്കും ഉദ്യോഗങ്ങൾ കൊടുക്കണമെന്നു എനിക്കു പറയുവാനുള്ളൂ. പബ്ലിക് സർവ്വീസിൽ തുല്യയോഗ്യതയുള്ളവരിൽ (ഒരേസമുദായത്തിലുള്ളവർക്കു) പ്രായം കൂടുതലുള്ളവർക്കാണ് ഉദ്യോഗങ്ങൾ ആദ്യം കൊടുക്കുന്നതു്. അതു പ്രാതിനിധ്യം കുറഞ്ഞ പ്രദേശത്തുള്ളവർക്കായിരിക്കണം മുൻഗണന.

MR. M. R. NARAYANA PILLAI : ധാരാളം പരീക്ഷായോഗ്യതയുള്ള ഒരാളും, വേറൊരു പണക്കാരനും ഒരു ഉദ്യോഗത്തിനു് അപേക്ഷകന്മാരായി വന്നാൽ അവരിൽ ആർക്കാണ് ഉദ്യോഗം കൊടുക്കേണ്ടതു് ?

MR. K. P. KOCHUKORA THARAKAN : പണമുള്ളവനു കൊടുത്താൽ അവൻ കൈക്കൂലിവാങ്ങാതെയെങ്കിലും ഇരിക്കും.

MR. M. SIVATHANU PILLAI There is also a practice in men who try to acquire more money.

MR. K. P. KOCHUKORA THARAKAN : അതു ഇവിടെ വാദവിഷയമല്ല. പണമുള്ളവരെ കുറക്കാരെന്നു കണ്ടുപിടിച്ചു ശിക്ഷിച്ചാൽതന്നെയും അവരൊരു തരക്കേടും വരാനില്ല. എന്നാൽ അവന്റെ അഭിമാനം സാധാരണ ഗതിയിൽ അവനെ കൈക്കൂലി മുതലായ അഴിമതികൾക്കു സമ്മതിക്കയില്ല.

തിരുവിതാംകൂറിൽ ഉദ്യോഗത്തിനുമാത്രമല്ല ഉദ്യോഗത്തിനു ആവശ്യമായ പരീക്ഷകൾക്കുള്ള യോഗ്യതകളിലെ പ്രവേശനത്തിനുപോലും അസമത്വപ്രദേശത്തുള്ളവർക്കു വളരെ പ്രയാസം നേരിടുന്നു എന്നുപറയാതെ തരമില്ല. കുന്നത്തുനാട്ടു താലൂക്കിൽകാരനായ ഒരാൾ തിരുവിതാംകൂർ യൂണിവേർസിറ്റിയിൽ ഇൻറർമീഡിയറ്റു പരീ

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P, Kochukoratharakan]

ക്ഷയ്ക്കു ഒന്നാംക്ലാസിൽ പാസാകുന്നതിനുശേഷം എൻജിനീയറിംഗ് കാളേജിൽ ചേരാൻ അപേക്ഷിച്ചു. മൂന്നാംക്ലാസിലും രണ്ടാക്ലാസിലും പാസായവരെ എടുത്തു. ഇയ്യാൾക്കു പ്രവേശനം കിട്ടിയില്ല. അയാൾ നമ്മുടെ യൂനിവേർസിറ്റിയിൽ തന്നെ ബി. എ. ക്കു ചേർന്നു ഒന്നാംക്ലാസിൽ ഒന്നാമനായി പാസായതിനുശേഷം മദ്രാസിൽ പോയി എം. എ. പരീക്ഷയിലും രണ്ടാംക്ലാസിൽ പാസായി തിരിച്ചു മടങ്ങിവന്നു എൻജിനീയറിംഗ് കാളേജിൽ ചേരാൻ അപേക്ഷിച്ചു. നാലുകൊല്ലം കഴിഞ്ഞതിനുശേഷവും അയാൾക്കു എൻജിനീയറിംഗ് കാളേജിൽ ചേരാൻ ഒരു മോഹം. സ്വാമി ഇതിനെപ്പറ്റി അന്വേഷിച്ചാൽ വാസ്തവ സംഗതി മനസ്സിലാകും.

MR. K. R. NARAYANAN : അയാളുടെ പേരു എന്താണെന്നു പ്രസ്താവിക്കുവാൻ ഭയമുണ്ടാകുമോ ?

MR. K. P. KOCHUKORA THARAKAN : ഇപ്രകാരമുള്ള വിഷമസ്ഥിതിയെ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാനാണു ഞാൻ ഇതു ഇവിടെ പറഞ്ഞതു്. സ്വാമി ആവശ്യപ്പെടുന്നപക്ഷം അയാളുടെ പേർ രഹസ്യമായിട്ടു പറയാം.

PRESIDENT : Does the Honourable Menber suggest that since the candidate is a native of Kunnatnad he was rej ected admission? I am rather puzzled about that.

MR. K. P. KOCHUKORA THARAKAN : അയാൾ ഈ കൊല്ലവും അപേക്ഷിച്ചിട്ടുണ്ടു്. പ്രവേശനം കിട്ടിയോ എന്നു അറിയാൻ പാടില്ല. സ്വാമി അന്വേഷിച്ചുനോക്കിയാൽ സംഗതി മനസിലാകും.

PRESIDENT : The Honourable Member says that somebody who has passed B. A. in the first class and M. A. in the second class was refused admission since he belonged to Kunnatanad. I do not think that the fact that he belonged to Kuunatnad would have stood in the way of his selection.

RAJYASEVAPRAVINA G. PARAMESWARAN PILLAI (*Chief Secretary to Government*) : There was a test, Sir.

MR. G. NARAYANAN TAMPI : Sir, with your permission, I may offer a word of explanation because I happen to be the official member who represents the university. Selection to technical course in our University is done with the utmost meticulous scrutiny so that the standard of result is such as to do credit to Travancore. It is not merely a question of First or second Class Intermediate or B. A.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : But that is not the point we are at now. The question is whether representation should be given to the Parur or Kunnatnad man.

MR. G. NARAYANAN TAMPI : Yes, Sir. So that the question of Kunnatnad, Karunagapally, Karthikapally or Kanyakumari does not arise at all.

MR. K. P. KOCHUKORA THARAKAN : സർ, നമ്മുടെ കോളേജുകളിലും പ്രവേശനം വളരെ വിഷമത്തിലാണെന്ന എനിക്കു അറിയാൻ പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അതിനാൽ കോളേജുകളിലെ പ്രവേശനത്തിലും ചില പ്രത്യേക വ്യവസ്ഥകൾ ചെയ്യുന്നതു നന്നായിരിക്കും. കോളേജുക്ലാസുകളിലെ പ്രവേശനം ഈ രാജ്യത്തുള്ള മറ്റു ഹൈസ്കൂളുകളിൽ നിന്നും രണ്ടാം ഗ്രെയിഡ് കോളേജുകളിൽ നിന്നും വരുന്നവക്കും കിട്ടത്തക്ക വിധം ശരിപ്പെടുത്തണം.

PRESIDENT : I am going to make enquiries about the matter.

MR. K. P. KOCHUKORA THARAKAN : ഗവണ്മെൻറ് ആലോചിച്ചാൽ ഞാൻ പറഞ്ഞ സംഗതി വെളിപ്പെടുന്നതായിരിക്കും.

PRESIDENT : I have already assured the honourable member that I will investigate that case.

MR. K. P KOCHUKORA THARAKAN : ഞാൻ ഇതു് ഉദാഹരണമായി പറഞ്ഞുവെന്നെയുള്ളൂ. പബ്ലിക്കുസർവീസിൽ പ്രവേശനം കിട്ടാൻമാത്രമല്ല, കോളേജുകളിൽ പ്രവേശനം കിട്ടുന്നതിനുപോലും പ്രയാസമായിട്ടാണിരിക്കുന്നതു് എന്നുള്ള സംഗതി ഗവണ്മെൻറ് അറിഞ്ഞിരിക്കേണ്ടതും ആലോചിച്ചിരിയ്ക്കേണ്ടതും ആണു്.

ഞാൻ പ്രാദേശിക പ്രാതിനിധ്യത്തിൻറെ ആവശ്യത്തെപ്പറ്റി പലരോടും ചോദിച്ചു. അവരിൽ മിക്കവരും പ്രാദേശികപ്രാതിനിധ്യം നല്ലതാണു്, പക്ഷെ അതു നടപ്പിൽ വരുത്തേണ്ടതിനുള്ള മാർഗ്ഗമെന്താണെന്നാണു് ചോദിച്ചതു്. ഇതിനേക്കാൾ എത്രയോ വലിയ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കാൻ യാതൊരു വിഷമവും നേരിട്ടിട്ടില്ല. ഉദാഹരണമായി ആഹാരപ്രശ്നം തന്നെ എടുക്കാം. അതിലുള്ള വൈഷമ്യങ്ങൾ നാം ഒരു വിധം പരിഹരിച്ചുകൊണ്ടുവരികയാണു്. സമുദായപ്രാതിനിധ്യത്തിനുണ്ടാക്കിയ പരിഹാരം മറ്റൊരുദാഹരണമാണു്. അതുകളുടെ പരിഹാരത്തിനു ഗവണ്മെൻറു വേണ്ടതു ചെയ്തു. എന്നാൽ പ്രാദേശികപ്രാതിനിധ്യം വേണമെന്നു ഞാൻ പറയുമ്പോൾ അതു നടപ്പിൽ വരുത്താനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ എന്നോടതിനെ ആവശ്യപ്പെടുന്നതു ഞാൻ ഒരു നിർദ്ദേശം കൊടുക്കുമ്പോൾ അതിനു എതിർപറഞ്ഞു എന്നെ മടക്കാനാണു്. ഇതിലേക്കു ഒരു വിദഗ്ധകമ്മിറ്റിനിയമിച്ചു നടപ്പിൽവരുത്താൻ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan]

പ്രയാസവുമില്ല. സമുദായങ്ങൾ തമ്മിലുള്ള സൌഹാർദ്ദത പുലർത്തുന്നതിനായി സമുദായപ്രാതിനിധ്യതത്വം ഗവണ്മെൻറു അംഗീകരിച്ചതുപോലെ പ്രദേശങ്ങൾ തമ്മിലും സൌഹാർദ്ദത പുലർത്തുന്നതിനു പ്രാദേശികപ്രാതിനിധ്യവും ഗവണ്മെൻറ് സ്വീകരിച്ചു വേണ്ടതു പ്രവർത്തിക്കണമെന്നാണ് ഞാൻ ഗവണ്മെൻറിനോടഭ്യർത്ഥിക്കുന്നതു്.

PRESIDENT : I am glad to assure the honourable member that that gentleman has been admitted.

SADASYATILAKA T. K. VELU PILLAI : I wish to put a question. Is the honourable member prepared to accept the following amendment? After the words, "Communal representation" add the words" and the claims of efficiency as laid down by rules".

MR. K. P. KOCHUKORA THARAKAN : അങ്ങിനെയല്ല അതിൽ കൂടുതൽ വാചകമായാലും ചേർക്കാൻ സമ്മതമാണ്. തുല്യയോഗ്യതയുള്ള അപേക്ഷകന്മാർ വരുമ്പോൾ അതിൽ കുറഞ്ഞ പ്രാതിനിധ്യമുള്ള പ്രദേശത്തിലെ അപേക്ഷകനു കൊടുക്കണമെന്നാണു ഞാൻ പറയുന്നതു. എഫിഷ്യൻസി ഒട്ടും കുറയരുതു്. എഫിഷ്യൻസി കുറഞ്ഞാൽ അതിൽപരം ദുഷ്യമായി മറെറാന്നും വരാനില്ല. സർ, എഫിഷ്യൻസിയുടെ മറവിൽ അനേകനാൾ സമുദായപ്രാതിനിധ്യം ദോഷകരമാണെന്നു പറഞ്ഞു നിന്നു. ഇപ്പോൾ പ്രാദേശികപ്രാതിനിധ്യം എഫിഷ്യൻസിക്കു കുറവുവരുത്തുമെന്നു പറയുന്നു. തിരുവിതാംകൂറിലുള്ളവരുടെ ഭക്ഷണം ഒരുപോലെ; ദേശാവസ്ഥ മിക്കവാറും ഒരുപോലെ; പഠനം ഒരുപോലെ; ജീവിതരീതിയിലും വലിയ വ്യത്യാസമൊന്നുമില്ല, ഇങ്ങനെ ഇരിക്കുന്നിടത്തോളം കാലം നെയ്യാറുകാരക്കാരനെക്കാൾ നെടുമങ്ങാട്ടുകാരനും തിരുവല്ലാക്കാരനെക്കാൾ കുന്നത്തൂർക്കാരനും പറവൂർക്കാരനെക്കാൾ കുന്നത്തുനാട്ടുകാരനും എഫിഷ്യൻസിയിൽ കുറയുന്നതു എങ്ങിനെയാണെന്നു എഫിഷൻസി വാദക്കാർ എന്നെ ഒന്നു പറഞ്ഞു മനസിലാക്കിയെങ്കിൽ ഉപകാരമായിരുന്നു. ഈ വാദം ശരിയല്ലെന്നു പറയുന്നവർ ആരാണെന്നു അന്വേഷിക്കേണ്ടതാണ്. പ്രസിഡൻറ് അവർകളും പറഞ്ഞതു ഇംഗ്ലണ്ടിൽ പ്രാദേശികപ്രാതിനിധ്യം നടപ്പില്ല എന്നാണ്. ഇതിലേക്കു എനിക്കു ഒരു സമാധാനമേ പറയാനുള്ളു. ഇൻഡ്യയിൽതന്നെ മൈസൂർ മൈസൂർകാർക്കും, കൊച്ചി കൊച്ചിക്കാർക്കും, മദ്രാസ് മദ്രാസുകാർക്കു് എന്നൊരു വാദം പ്രബലമായിട്ടുണ്ടു്. മഹാ യോഗ്യനും സാത്വീകനുമായ മഹാത്മാഗാന്ധിതന്നെ എന്തു പറയുന്നു? ഇൻഡ്യ ഇൻഡ്യാക്കാരായ ഞങ്ങൾക്കു, വിദേശികൾ വേണ്ടാ ഞങ്ങൾ ഞങ്ങളുടെ കാര്യം നടത്തിക്കൊള്ളാമെന്നാണ്,

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : Surely Mr. Tharakan cannot complain about the representation that Travancore has secured in the matter of appointments all over India. Wherever the honourable member might go, whether in the Legislative Chamber or in the I. C. S., in the High Commissioner's Office, or in the League of Nations Office, Bombay, Calcutta, or Tata's Firm or anywhere else, the representation of Travancoreans is indeed great. As a matter of fact, at the present moment they say that Travancoreans are getting all the important appointments.

MR. K. P. KOCHUKORA THARAKAN : ചില പ്രത്യേകവകപ്പുകളിൽ പ്രത്യേക യോഗ്യതയുള്ള ആളുകളെ അവിടെ കിട്ടാതെവന്നാൽ തിരുവിതാംകൂറുകാരെ നിയമിക്കുന്ന നടപടി അവിടെയുണ്ട്. മദ്രാസിലെ എൻജിനീയറിംഗ് കാളേജിലും മെഡിക്കൽ കാളേജിലും തിരുവിതാംകൂറുകാക്ക് അഡ്മിഷൻ കിട്ടുന്നതെങ്ങിനെയെന്നുള്ള സംഗതി ഗവണ്മെൻറിനറിയാം. കൊച്ചിയിലെ ദിവാൻജിയുടെ ഒരു പ്യൂണിനെ അയാൾ തിരുവിതാംകൂറുകാരനാണെന്നുള്ള കാരണംകൊണ്ടു കൊച്ചിയിലെ കൗൺസിലിലെ ഓഫീസിയിൽ കൊണ്ടുവന്ന പിരിച്ചുവിട്ടതും അയാളെ ഇവിടെ ഭക്തിവിലാസത്തു നിയമിച്ചതും എനിക്കറിയാം. പറയുമ്പോഴെല്ലാം ഭംഗിയായിട്ടു പറയുമെങ്കിലും പ്രവൃത്തിയിൽ നേരേ മറിച്ചാണു കണ്ടുവരുന്നതു്. എല്ലാവക്കും അവരവരുടെ നാട്ടിനെക്കുറിച്ചു സ്ഥായി ഉണ്ടായിരിക്കും. തിരുവിതാംകൂറിലെ പൊതുസ്ഥാപനങ്ങളിൽ രാജ്യത്തെ എല്ലാ ഭാഗങ്ങളിലുമുള്ളവക്ക് പ്രാതിനിധ്യമുണ്ടായിരിക്കണം. ഒരു പ്രത്യേക പ്രദേശത്തിനൊ പ്രത്യേക വിഭാഗത്തിനൊ കൊടുക്കണമെന്നു ഞാൻ പറയുന്നില്ല. തിരുവിതാംകൂറിലെ എല്ലാ പ്രദേശത്തുള്ളവർക്കും ഉദ്യോഗം കിട്ടുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നും ഇപ്പോൾ അസമത്വം അനുഭവിക്കുന്ന പ്രദേശങ്ങളിലുള്ളവർക്കു ചില സൗജന്യങ്ങൾ കൊടുക്കണമെന്നും മാത്രമേ ഞാൻ പറയുന്നുള്ളൂ. എന്റെ ഈ ഉദ്ദേശം ശരിയായി മനസ്സിലാക്കി എന്റെ പ്രമേയത്തെ അനുകൂലിക്കുകയില്ലെന്നുള്ള വിശ്വാസത്തോടുകൂടി വിരമിച്ചുകൊള്ളുന്നു.

SADASYA THILAKA T. K. VELU PILLAI : Sir, I second the motion. It seems rather strange to me that I have persuaded myself to do so. The motion contemplates the removal of a pathological condition of a very serious nature. What is demanded is the treatment of a very serious pathological condition like rheumatism. If it is driven from the head it goes to the leg; if it is driven from the leg it goes to the head. If any drastic rule is laid down in this matter no Government can run. That is why I said that it seems very strange to myself that I have persuaded myself to support the motion. But it may be asked why I am supporting it. I got up for the reason that this is a motion

LIBRARY ARCHIVES Kerala Legislative Assembly

[Sadasyatilaka T. K. Velu Pillai]

which will provoke some kind of warm support and some amount of warm opposition. With some little experience that I possess I am able to suggest a remedy. The House will get the benefit of feeling that they have done something towards the protection of the Government and the country will not lose the services of expert men. To take it figuratively a latitudinal line and a longitudinal line must meet. That is, in this case, if efficiency and the needs of local requirements meet. I have no objection to accept the resolution. But whether it is possible is for the House to consider. If it is possible for the Government with the help of their experts to find out a rule to accommodate all persons from all the pakuthies in the State in the administration of Government service, I should be very happy. But we cannot afford to pay them all. Already there is the complaint both in this House and in the country that we are spending too much on salaries. So, what is the alternative? Is Mr. Ure prepared to discard the law for the efficient working of which the credit goes to him so that the principle of local representation may be availed of. That is the difficulty which anybody will feel under the circumstances. I wish to make a constructive suggestion on this matter. But before doing so I wish to bring to the notice of Mr. Tharakan one important fact. There is no denying the fact that certain taluks are over-represented in public service both in the higher and lower grades. There is the painful fact that from certain localities there are very few officers. I remember a time, some 25 years ago—I am one who remembers old things—one of my friends who now occupies a very important position in the public service addressed a public meeting in Neyyattinkara. I happened to go to Neyyattinkara in connection with Court business. I happened to attend the meeting. I was also persuaded to speak on that occasion. I remember to have said then that I was proud to address that meeting because many of the important officers in the service of the Government of Travancore were natives of Neyyattinkara. At least their wives are from Neyyattinkara." There was then a large number of graduates in Neyyattinkara. Most of the important officers were from Neyyattinkara. Mr. Tharakan said that most of the present day officers were from Thiruvalla. But among the High officers present here I find one from Neyyattinkara another from Trivandrum, a third from Edapally, a fourth from England, a fifth from Kunnathunad and so on and so forth.

PRESIDENT: Is it an exhaustive list?

SADASYA TILAKA T. K. VELU PILLA: No Sir, that is only an illustrative list.

Then the question may be asked why I am supporting the resolution. Mr. Tharakan does not want appointments of higher officers to be made in a kind of parochial distribution. The resolution says

LIBRARY ARCHIVES Kerala Legislative Assembly

"This Assembly recommends to Government that local repreentation without prejudice to communal representation be also recognised as a standard for appointment to the Public Service, and that the Public Service Commissioner be ordered to offer advice in the matter accordingly." As a lawyer I have to be consistent with what I have said, I am supporting Mr. Tharakan's resolution. If Mr. Tharakan's resolution was that talukwar representation should be given in the higher ranks of service, I would have opposed it. But he comes with a modest resolution. He says that without sacrificing officiency, Government may be pleased to look to territorial jurisdiction also in the matter of appointment. The resolution means that if other things are equal, and if people are available, territorial representation may also be accepted as a principle.

PRESIDENT: At present there is a very strong feeling in the Punjab which was given expression to in more than one speech in the Council that urbanisation of appointments should be given, that is, appointments to important places should be made from among the urban population and not from the rural population who really form the bulk of the population.

SADASYATILAKA T. K. VELU PILLAI: In these Government institutions perfection is impossible. I wish Mr. Tharakan will get what he wants.

MR. K. R. NARAYANAN: സർ, മി: കൊച്ചുകോരതരകൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നിശ്ചയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഈ നിശ്ചയം പിൻതാങ്ങുന്നതോടുകൂടി തുടർച്ചയായി മൂന്നു നാലു കൊല്ലം മി. തരകൻതന്നെ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നതിൽ അദ്ദേഹം കാണിക്കുന്ന നിഷ്കാമമായ ഔൽസുക്യത്തേയും അഭിനന്ദിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല. ആദ്യത്തെ കൊല്ലവും രണ്ടാമത്തെ കൊല്ലവും മൂന്നാമത്തെ കൊല്ലവും ആക്ഷോഭങ്ങളോടേയും നിരുപണങ്ങളോടേയും ഇടയിൽക്കൂടി ഈ നിശ്ചയം അമർത്തപ്പെട്ടുപോയെങ്കിലും പിന്നെയും സ്ഥിരബുദ്ധിയോടുകൂടി മി: തരകൻഈനിശ്ചയം അവതരിപ്പിക്കുന്നതിൽ ബദ്ധപ്പെടുന്നതു കാണുമ്പോൾ ഇക്കാര്യത്തിൽ മി. തരകനുള്ള താല്പര്യവും ഏതുമാത്രം തീക്ഷ്ണമാണെന്നുള്ളതു പറയാതെതന്നെ മനസ്സിലാക്കാൻ കഴിയുന്ന ഒന്നാണ്. ഈ നിശ്ചയം പിൻതാങ്ങുവാൻ പറയത്തക്ക ഒരു പ്രയാസവും ഞാൻ കാണുന്നില്ല. ഇന്നത്തെ പബ്ലിക് സർവീസു നോക്കിയാൽ ചില സമുദായങ്ങളും ചില താലൂക്കുകളും അമിതമായ കുത്തക എടുത്തിരിക്കയാണെന്നു കാണാൻ കഴിയും. ഇവിടെത്തെ അഫിഷ്യൽ ബഞ്ചു നോക്കിയാൽ ഒരു മി. നാരായണയ്യർ കുന്നത്തുനാടു താലൂക്കുകാരനായിട്ടും ഒരു മി. ഗോപാലമേനവൻ പറവൂരുകാരനായിട്ടുമുണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan]

ന്നകാണാം. എന്നാൽ മൂവാറ്റുപുഴ, തൊടുപുഴ, ചേർത്തല, വൈക്കം, എന്നീ താലൂക്കുകൾ എടുത്താൽ അവിടെ ഒരു നാരായണയ്യരേയോ ഒരു ഗോപാലമേനവനേയോ കണ്ടിക്കാണാൻപോലും കിട്ടുമോ എന്നു ഞാൻ ചോദിക്കുന്നു. ആരുടെ കൈവശം നിയമനങ്ങളും നിയമനാധികാരങ്ങളും ഉണ്ടോ അവരുടെ നാട്ടിൽനിന്നും കൂടുതൽ ആളുകളേ നിയമിക്കപ്പെടുമെന്നുള്ളതു് തീർച്ചയാണു്. മുമ്പു ചീഫ് സെക്രട്ടറിമാരായിരുന്നവരുടെ താലൂക്കുകളിൽനിന്നും ഓരോരോ ദിവസങ്ങളിൽ ഇപ്പോൾ ഉദ്യോഗസ്ഥന്മാരായി നക്ഷത്രങ്ങളെപ്പോലെയിരിക്കുന്നവർ എത്രപേരുണ്ടെന്നു കണക്കെടുത്തു നോക്കിയാൽ അറിയാൻ കഴിയും. ഞാൻ ഇതെല്ലാം പറഞ്ഞതു എല്ലാ നിയമനങ്ങളിലും പ്രാദേശികപ്രാതിനിദ്ധ്യം പരിഗണിക്കണമെന്നോ അല്ലെങ്കിൽ ഇഞ്ചിഞ്ചായി ഉദ്യോഗവിതരണം നടത്തണമെന്നോ പറയുന്നതിനല്ല. അങ്ങനെ പറയുവാൻ ഞാൻ തയ്യാറില്ല. എന്റെ താലൂക്കു പബ്ലിക് സർവീസിൽ വളരെ വളരെ പിന്നോക്കം നിൽക്കുന്നു ഒന്നാണു്. മി. തരകന്റെ താലൂക്കിനെക്കാളും ഇവിടെ ഇരിക്കുന്ന മറ്റാരുടേയും താലൂക്കിനെക്കാളും വളരെ പിന്നണിയിൽ നിൽക്കുന്ന താലൂക്കാണു്. പബ്ലിക്സർവീസിനെ സംബന്ധിച്ചിടത്തോളം വൈക്കം താലൂക്കിൽനിന്നു ഒരൊറ്റ അസിസ്റ്റന്റ് എഞ്ചിനീയർമാത്രമേയുള്ളൂ. ആ അസിസ്റ്റന്റ് എഞ്ചിനീയരെ കിട്ടിയതുകൊണ്ടു് വൈക്കത്തിനുണ്ടായിട്ടുള്ള ഗുണം ഒരൊറ്റ ഉദാഹരണം കൊണ്ടു വെളിപ്പെടുത്താൻ കഴിയും. അവിടെയുള്ള ഒരു പാലം പണിക്കു ഫൈനൽ എസ്റ്റിമേറിട്ടു; ലാപ്സാക്കിക്കളഞ്ഞു. ഫൈനൽ എസ്റ്റിമേറിട്ടു, ലാപ്സായി, ഫൈനൽ-ലും എസ്റ്റിമേറിട്ടു, ലാപ്സായി. ഇങ്ങനെ അവിടത്തെ ഒരു പാലം പണിയെ സംബന്ധിച്ചു് ആണ്ടോടാണ്ടു ഗവണ്മെന്റു പണം അനുവദിക്കാറുണ്ടെങ്കിലും ഫൈനൽ എസ്റ്റിമേറു ചെയ്തു അനുവാദം വരുന്നതിനു മുമ്പുതന്നെ പണി തുടങ്ങുകയും ആ ആണ്ടിൽ തന്നെ അതിന്റെ പണി പൂർത്തിയാക്കുകയും ചെയ്തതു ആ നാട്ടുകാരനായ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ അതിൽ നിഷ്കർഷകാണിച്ചതുകൊണ്ടാണു്. ഉദ്യോഗസ്ഥന്മാരുടെ "ബാലികേറാമല" യായ വൈക്കത്തിനു ഒരു അസിസ്റ്റന്റ് എഞ്ചിനീയരെ ലഭിച്ചതുകൊണ്ടാണു്. അതുകൊണ്ടാണു് അനേകം മെമ്മോറിയൽ കൊടുത്താലും ആയിരം ഡപ്യൂട്ടേഷൻ പോയാലും അനവധി യോഗങ്ങൾ കൂടി നിശ്ചയങ്ങൾ പാസാക്കിയാലും മറ്റു ശ്രമങ്ങൾ എല്ലാം നടത്തിയാലും സാധിക്കുമായിരുന്നില്ലാത്തതു എളുപ്പത്തിലും കായ്ക്ഷമതയിലും "കൊല്ലനും കണ്ടില്ല, കൊല്ലത്തിയും കണ്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

തിത്തത്തെ എന്നൊരു കൊച്ചുരുവാൻ'' എന്നമട്ടിൽ ആ പാലം പണി പൂത്തിയാക്കാൻ കഴിഞ്ഞതു്. ഇങ്ങനെ ഓരോ സ്ഥലങ്ങളിലും കാണുന്ന പാലങ്ങളം, രജിസ്റ്റർകച്ചേരികളം, അഞ്ചലാപ്പീസുകളം മുതലായവയുടെ ചരിത്രം എടുത്താൽ ആ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ അതീവ താല്പ ര്യമുള്ള നാട്ടുകാരനായ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ശ്രമംകൊണ്ടാണു അവകളം സ്ഥാപിക്കപ്പെട്ടതെന്നു ഗ്രഹിക്കുവാൻ കഴിയും. എന്റെ താലൂ ക്കിൽ ടെലഫോൺ കിട്ടാതെ വിഷമിക്കുമ്പോളം കേവലം ചില പകൃതി കളിൽ ടെലഫോണിന്റെ സുഖം അനുഭവിക്കുന്നതിന്റെ രഹസ്യവും മറെറാന്നുമല്ല. ഇക്കണക്കിൽ മുമ്പോട്ടു പോയാൽ തിരുവിതാംകൂറിലെ പബ്ലിക് സർവ്വീസ് കുറെ ജാതിക്കാരുടെ കൈയ്യിലായിത്തീർന്നതുപോലെ കുറെ താലൂക്കുകാരുടെ കയ്യിലാകയില്ലയൊ എന്നാണു് എന്റെ ഭയം. പുലയസമുദായത്തിലുള്ള ഒരാളിനെ നിയമിക്കേണ്ടതായി വരുമ്പോളം തി രുവനന്തപുരത്തുകാരനും വൈക്കത്തുകാരനും ഉണ്ടായിരുന്നാൽ വൈക്ക ത്തുകാരനെ നിയമിക്കുന്നതിൽ എന്തു തരക്കേടാണുള്ളതു്; ഒരു തിരുവല്ലാ ക്രിസ്ത്യാനിയും വടക്കൻപറവൂർ ക്രിസ്ത്യാനിയും ഉണ്ടായിരുന്നാൽ വട ക്കൻപറവൂർ ക്രിസ്ത്യാനിയെ നിയമിക്കരുതോ? തിരുവനന്തപുരത്തെ ബ്രാഹ്മണനെക്കാളം പെരുമ്പാവൂരെ ബ്രാഹ്മണനെ നിയമിക്കുന്നതിൽ ശ്ര ദ്ധിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. അല്ലാതെ തിരുവനന്ത പുരത്തെ ബ്രാഹ്മണനെ തള്ളിക്കളയണമെന്നു് അർത്ഥമില്ല. അതായതു താലൂക്കുകളുടെ രക്ഷയ്ക്കുതന്നെ ഈ വ്യവസ്ഥ അംഗീകരിക്കേണ്ടതു് അത്യാവശ്യമാണു്. ചീഫ എഞ്ചിനീയറന്മാരെക്കൊണ്ടും സെക്രട്ടറി മാരെക്കൊണ്ടും ചീഫ് സെക്രട്ടറിമാരെക്കൊണ്ടും എഡ്യൂക്കേഷൻ ആഫീസറന്മാരെക്കൊണ്ടും ഉള്ള പ്രയോജനം എല്ലാ താലൂക്കുകാക്കും ഒരുപോലെ സിദ്ധിക്കേണ്ടതല്ലേ? എന്റെ താലൂക്കിൽ ൪ ൦ ൦ രൂപാ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥൻ മോട്ടാർകാറിൽ കയറി തന്റെ നാട്ടിൽ വരുന്നതു കാണുവാൻ, അയാളം നായരായാലും ക്രിസ്ത്യാനിയായാലും, ഈ ഴവനായാലും, അരായാലും എനിക്കൊരന്തസ്സില്ലയോ? ഏതാനും താലൂ ക്കുകാർക്കു മാത്രം ഈ അന്തസ്സും അവരെക്കൊണ്ടുള്ള ഗുണവും ലഭിച്ചാൽ മതി എന്നു പറയുന്നതു ശരിയല്ല. അവരുടെ പാങ്ക് അവർക്കു കൊടുക്കു കതന്നെ വേണം. സീസറിനുള്ളതു സീസറിന്. ഈശ്വരനുള്ളതു് ഈശ്വ രന്. കുറെ താലൂക്കുകളം ഉദ്യോഗസ്ഥന്മാരുടെ ബാലികേറാമലയാക്കാതി രിക്കണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഇതുയും പ്രസ്താവിച്ചുകൊണ്ടു നിരൂപണങ്ങളുടേയും ആക്ഷേപങ്ങളുടേയും മദ്ധ്യത്തിൽ നിന്നുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan]

വീണ്ടും തന്റെ ഉദ്ദേശസാദ്ധ്യത്തിനായി ഈ നിശ്ചയം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന എന്റെ ബഹുമാന്യസ്നേഹിതൻ മി. തരകനെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

MR. A. K. KUMARAN VAIDYAN : സർ, ഈ പ്രമേയത്തെ പിൻതാങ്ങുന്നതിനു എനിക്കു വളരെ സന്തോഷമുണ്ട്. ഇവിടെയുള്ള എല്ലാവർക്കും തോന്നിപ്പോകാം, വടക്കൻ പറവൂർ താലൂക്കുകാരനായി ഒരു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ ഉള്ള നിലയ്ക്കു പറവൂർകാരനായ എനിക്കു എന്തുപരാതിയാണുള്ളതെന്ന്. അദ്ദേഹത്തിനു നിയമനാധികാരം ഉണ്ടായിരുന്നെങ്കിൽ പറവൂർ താലൂക്കുകാർക്കു മാത്രമല്ല, വടക്കൻതിരുവിതാംകൂറിലുള്ള ഏതു താലൂക്കുകാർക്കും അദ്ദേഹം ഉദ്യോഗം കൊടുക്കുമായിരുന്നു. ഞങ്ങളുടെ താലൂക്കുകാരായി ഇന്നു ഹൈക്കോടതി ജഡ്ജിമാർ രണ്ടുപേരുണ്ട്. അവർക്കും യാതൊരാളെയും നിയമിക്കാൻ പാടില്ല. ഒരാൾ എഡ്യൂക്കേഷൻ ഡയറക്ടരായി, എന്നാൽ അദ്ദേഹത്തിന്റെ നാട്ടിൽ ധാരാളം ഹൈസ്കൂളുകൾ ഉണ്ടാകുമെന്നു പറയുന്നതിനോടുകൂടി ഞാൻ യോജിക്കുന്നില്ല. മി. ഗോപാലമേനോൻ എഡ്യൂക്കേഷൻ - ഡയറക്ടറായി വന്നതോടുകൂടി പറവൂർ താലൂക്കുകളിൽ ബാക്കിയുള്ള താലൂക്കുകളിൽ കിട്ടിക്കൊണ്ടിരുന്നതു സ്കൂളുകൾപോലും കിട്ടുന്നില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. എന്റെ താലൂക്കിൽ കൂടുതൽ സ്കൂളുകൾ ഏർപ്പെടുത്തിയാൽ ഗവണ്മെന്റോ അല്ലെങ്കിൽ മറ്റു ഉദ്യോഗസ്ഥന്മുഖന്മാരോ എന്തു വിചാരിക്കുമെന്നാണ് അദ്ദേഹത്തിന്റെ മനോഭാവമെന്നു തോന്നുന്നു. ഇതുപോലെയുള്ള ഒരു ഉദ്യോഗസ്ഥനായിരുന്ന ഹൈക്കോടതി ജഡ്ജിയായിരുന്ന മിസ്റ്റർ തളിയത്തു്. ഇങ്ങനെയുള്ള ഓരോരുത്തരെയാണ് ഞങ്ങളുടെ താലൂക്കിൽനിന്നും ഉദ്യോഗസ്ഥന്മാരായി കിട്ടിയതു്.

MR. N. VELU ACHARI : ഗവണ്മെൻറുദ്യോഗസ്ഥന്മാർ പക്ഷപാതം കാണിക്കണമെന്നാണോ മെംബർ പറയുന്നതു്?

MR. A. K. KUMARANVAIDYAN: പക്ഷപാതം കാണിക്കരുതെന്നാണ് ഞാനും പറയുന്നതു്. പക്ഷപാതം കാണിക്കാതിരുന്നാൽ മറ്റു താലൂക്കുകാർക്കു കിട്ടിക്കൊണ്ടിരിക്കുന്ന ഗുണം ഞങ്ങൾക്കും കിട്ടുമല്ലോ. മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്നും ബി. എ. യ്ക്കു സെക്കൻഡ് ക്ലാസ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

